ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) – ശ്രീമതി ശോഭന പി. എ. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് - ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം - പരിത്യജിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ഡി) വിഭാഗം**

**നം. ED2/16206/17/DTE** **തിരുവനന്തപുരം,**

**തീയതി: 23-04-2026**

---

വായന:-

1. ഈ കാര്യാലയത്തിൽ നിന്നുള്ള **06.06.2025** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. **27.03.2026** ലെ മൊഗ്രാൽ പുത്തൂർ സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന്റെ**THSMGR/6010/ 2024- A1**നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മൊഗ്രാൽ പുത്തൂർ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി ശോഭന പി. എ. സ്ഥാനക്കയറ്റം പരിത്യജിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ, **05.06.2025** മുതൽ ഒരു വർഷത്തേക്ക് സ്ഥാനക്കയറ്റം പരിത്യജിക്കാൻ അനുമതി നൽകിക്കൊണ്ട് മേൽ വായന **(1)** പ്രകാരം ഉത്തരവായിരുന്നു.

മേൽ വായന **(2)** പ്രകാരം, സ്ഥാനക്കയറ്റം പരിത്യജിച്ചുകൊണ്ട് നൽകിയ പ്രസ്തുത ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ശോഭന പി. എ. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ജീവനക്കാരിയുടെ അപേക്ഷ പരിഗണിച്ച്, കേരള സർവ്വീസ് റൂൾസ് ഭാഗം-**1**, ചട്ടം **38**-ലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, വായന **(1)** പ്രകാരമുള്ള ഉത്തരവ് ഈ ഉത്തരവ് തീയതി പ്രാബല്യത്തോടെ റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവ് സംബന്ധിച്ച വിവരങ്ങൾ ശ്രീമതി ശോഭന പി. എ.യുടെ സേവനപുസ്തകത്തിൽ യഥാവിധി രേഖപ്പെടുത്തേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 23-04-2026
16:10:29

**#ApprovedByName#**

**#ApprovedByDesignation#**

സ്വീകർത്താവ്,

1. സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും വെബ്സൈറ്റ് മുഖാന്തിരം
2. ഇ. ജി. സെക്ഷൻ സൂപ്രണ്ട്
3. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്